# **വിജ്ഞാപനം**

ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിൽ പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം പ്രോജക്ടുകൾക്കായി ജില്ലാതല ഫെസിലിറ്റേറ്റർമാരെയും, ഐ.ടി പേഴ്സണൽ / സ്റ്റേറ്റ് പ്രോഗ്രാം മാനേജരെയും, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയും നിയമിക്കുന്നതിന് ചുവടെ പറയുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

നിയമനം കോൺട്രാക്ട് വ്യവസ്ഥയിൽ ഒരു വർഷത്തേക്കാണ്. പദ്ധതിപ്രകാരം സമാഹൃത വേതനമായി പ്രതിമാസം 25000/- രൂപ നൽകുന്നതാണ്. കൂടാതെ യാത്രച്ചെലവും നൽകുന്നതാണ്. (TA/DA/ Other expense പരമാവധി 5000/- രൂപ). ജില്ലാതല ഫെസിലിറ്റേറ്റർമ്മാരായി അപേക്ഷിക്കുന്നവർക്ക് ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദവും, സോഷ്യൽ സെക്ടറിൽ 2 വർഷത്തെ പ്രവൃത്തി പരിചയവും ആവശ്യമാണ്. ഐ.ടി പേഴ്സനലിന് ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദാനന്തര ബിരുദവും മൂന്ന് വർഷത്തെ പ്രവൃത്തിപരിചയവും വേണ്ടതാണ്. കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം. ഡാറ്റ എൻട്രി ഓപ്പറേറ്റർമാർക്ക് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്മെൻറ്, ഇൻഡസ്ട്രിയൽ ട്രെയിനിങ് ഡിപ്പാർട്മെന്റ് അംഗീകരിച്ച Data Entry Operator Course with Training in MS Office അല്ലെങ്കിൽ DCA അല്ലെങ്കിൽ COPA യോഗ്യത ഉണ്ടായിരിക്കണം .

**സോണുകൾ**

1 തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട,
2 എറണാകുളം, കോട്ടയം, ആലപ്പുഴ
3 ഇടുക്കി, പാലക്കാട്, തൃശ്ശൂർ
4 മലപ്പുറം, കോഴിക്കോട്
5 കണ്ണൂർ, കാസർഗോഡ്, വയനാട്

മേൽ പരാമർശിച്ച അഞ്ചു സോണുകൾ തിരിച്ചാണ് ജില്ലാതല ഫെസിലിറ്റേറ്റർമാരെ നിയമിക്കുന്നത്.

ഐ.ടി പേഴ്സനലിനെ/ സ്റ്റേറ്റ് പ്രോഗ്രാം മാനേജരെ തിരുവനന്തപുരം ജില്ലാ ആസ്ഥാനത്തായിരിക്കും നിയമിക്കുന്നത്. തിരുവനന്തപുരം, മലപ്പുറം എന്നീ സോണുകൾ കേന്ദ്രീകരിച്ചാണ് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നത്. യോഗ്യതയുള്ള അപേക്ഷകർ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ,ബന്ധപ്പെടേണ്ട ഫോൺ നമ്പർ, Email ID, ഫോട്ടോ എന്നിവ സഹിതം ബയോഡേറ്റ ഡയറക്ടർ, ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്, നാലാം നില, വികാസ് ഭവൻ, പി.എം.ജി, തിരുവനന്തപുരം എന്ന വിലാസത്തിൽ 22.01.2024- ന് വൈകിട്ട് 5.00 മണിക്ക് മുമ്പായി നേരിട്ടോ/ തപാൽ മുഖേനയോ അപേക്ഷിക്കേണ്ടതാണ്.. അത്തരത്തിൽ ലഭ്യമാകുന്ന അപേക്ഷകരുടെ ഇൻറർവ്യൂ നടത്തുന്നതാണ്.

ഡോ.അദീല അബ്ദുള്ള ഐ.എ.എസ്
ഡയറക്ടർ